കെ.എസ്.ആർ.ടി.സി. ബസ്-ബോഡി ബിൽഡിംഗ്

47 [534] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം കെ.എസ്.ആർ.ടി.സി.-ക്കായി പുതുതായി എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ട്; ഇനി എത്ര ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ബസ്സുകൾക്ക് സംസ്ഥാനത്തിന് പുറത്ത് ബോഡി ബിൽഡിംഗ് നടത്താൻ എന്തായിരുന്നു കാരണമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന് പുറത്ത് ബോഡി ബിൽഡിംഗ് നടത്തുന്നതിന് ബസ്സൊന്നിന് എന്ത് തുക ചെലവുവരുന്നുണ്ട്;

(ഡി) സംസ്ഥാനത്തുള്ള കെ.എസ്.ആർ.ടി.സി. ബോഡി ബിൽഡിംഗ് യാർഡിൽ ബസ്സൊന്നിന് എന്ത് തുക ചെലവുവരും;

(ഇ) സംസ്ഥാനത്തിനുപുറത്ത് ബോഡി ബിൽഡിംഗ് നടത്തിയ ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് നാളിതുവരെ എത്രരൂപ ചെലവു വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 29 ബസ്സുകൾ വാങ്ങിയിട്ടുണ്ട്. ഉദ്ദേശം 520 ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യത്തിന് സമയപരിധിക്കുള്ളിൽ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ മാത്രമായി ബോഡി നിർമ്മിച്ചുകിട്ടാൻ പരിമിതികളുള്ളതിനാലും മത്സരടെൻഡർ പ്രകാരം താരതമ്യേന കുറഞ്ഞ ചിലവിൽ പുറമേനിന്നും ബോഡി നിർമ്മിച്ചു കിട്ടുന്നതിനാലും മറ്റുസ്ഥാപനങ്ങളെ ബോഡി നിർമ്മാണത്തിനായി ആശ്രയിക്കേണ്ടി വരുന്നു.

(സി) 1. ഫാസ്റ്റ് പാസഞ്ചർ . . രൂപ 5,12,550
2. സൂപ്പർ ഫാസ്റ്റ് . . രൂപ 5,48,000
3. ഡീലക്സ് ബസ്സുകൾ . . രൂപ 7,28,000

(ഡി) ബോഡി കിറ്റ് ഉപയോഗിച്ച് ബോഡി നിർമ്മിക്കുമ്പോൾ (1) ഫാസ്റ്റ് പാസഞ്ചർ ബസ്സിന് 6,73,366 രൂപയും (2) സൂപ്പർ ഫാസ്റ്റ് ബസ്സിന് 7,49,992 രൂപയും ചെലവാകും.

(ഇ) 2002-03 . . 2.72 കോടി രൂപ.
2003-04 . . 6.7 കോടി രൂപ.
2004-05 . . 4.4 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly